കുടുംബശ്രീ മുഖേനയുള്ള പ്രത്യേക പദ്ധതികൾ, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കൽ, കമ്മ്യൂണിറ്റി കിച്ചൻ തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കിയത്. കുടുംബശ്രീ മുഖേനയുള്ള പ്രത്യേക പദ്ധതി 4.81 കോടി, പാരമ്പര്യ കൃഷി 1.80 കോടി, കമ്മ്യൂണി കിച്ചൻ 2.24 കോടി.

(ഡി) അട്ടപ്പാടിയിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിൽ ശ്രീ. എസ്. സുബ്ബയ്യ, ഐ.എ.എസ്.-നെ സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ആ കൃത്യം ഫലപ്രദമായി നിർവ്വഹിക്കുന്നുമുണ്ട്. കുടുംബശ്രീ മുഖേനയുള്ള പ്രത്യേക പാക്കേജിന്റെ പ്രവർത്തനം സംസ്ഥാന കുടുംബശ്രീ മിഷനാണ് നിലവിൽ മോണിറ്ററിംഗ് നടത്തുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർ പദ്ധതികൾ കൈവരിച്ച നേട്ടം വിലയിരുത്താറുണ്ട്.

അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായുള്ള പദ്ധതികൾ

277 (4268) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടി ആദിവാസി കോളനി മേഖലയിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) 2012-'13, 2013-'14, 2014-'15 സാമ്പത്തിക വർഷങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായി എത്ര കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര കോടി രൂപ വീതമാണെന്നും പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് പൊതുവായി ചെയ്യുന്ന എല്ലാ ആരോഗ്യ സേവനങ്ങളും നൽകുന്നുണ്ട്. ടി മേഖലയിൽ ശിശുമരണം റിപ്പോർട്ട് ചെയ്ത വേളയിൽ ആരോഗ്യ വകുപ്പ് മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും അധികമായി 28 ജെ.എച്ച്.എൻ.-മാരെ കൂടി എൻ. ആർ. എച്ച്.എം. വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും അമ്മമാർക്കും ഫോളിക് ആസിഡ് ഗുളികകളും കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവയും നൽകി വരുന്നു. ഗുരുതരമായ പോഷകാഹാര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രം അഗളി, പ്രാഥമിക ആരോഗ്യകേന്ദ്രം പുത്തൂർ, ഷോളയൂർ എന്നിവിടങ്ങളിൽ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചെറിയ പോഷക കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ് തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്യുവരുന്നു. ഇതിന്റെ പ്രവർത്തനംമൂലം പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം 299 -ൽ നിന്നും 62 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. (10-12-2014-ന്) അട്ടപ്പാടിയിലെ ആരോഗ്യസ്ഥാപനത്തിലേയ്ക്കായി ഡോക്ടർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യൽ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തി വരുന്നു. അഗളി സാമൂഹികാരോഗ്യകേന്ദ്രം, ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി.-കളിലും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പ് നടത്തി വരുന്നു.

എൻ. ആർ. എച്ച്.എം.-ന്റെ ഭാഗമായുള്ള പദ്ധതികൾ വഴി ആരോഗ്യ കേന്ദ്രങ്ങളുടേയും ഉപകേന്ദ്രങ്ങളുടേയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവജാത ശിശുപരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടേയും ഗർഭിണികളുടെയും ആരോഗ്യവിവരങ്ങൾ മോണിറ്റർ ചെയ്യാൻ 'ജാതക് ജനനി' എന്ന കമ്പ്യൂട്ടർവത്കൃത പദ്ധതി നടന്നുവരുന്നു. അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ചുവരുന്ന പരിചയ സമ്പന്നനായ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായി അട്ടപ്പാടിയിൽ ലഭ്യമാകുന്നവിധം ക്രമീകരിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ്, പൊതുവായ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് ആരോഗ്യ സേവനം ലഭ്യമാക്കുന്നത്. അട്ടപ്പാടിയിലെ ആദിവാസി ആരോഗ്യ പരിപാലനത്തിനായി പ്രത്യേക വിഹിതം ആരോഗ്യ വകുപ്പിന് 2012-13, 2014-15 കാലഘട്ടത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല. എന്നാൽ 2013-ൽ അട്ടപ്പാടിയിൽ ഉണ്ടായ അധികമായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഈ മേഖലയിൽ 433.52 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി എൻ.എച്ച്.എം. സപ്ലിമെന്ററി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ മുഖേന 2013-14 സാമ്പത്തിക വർഷത്തിൽ അട്ടപ്പാടിയുടെ സമഗ്ര ആരോഗ്യ പദ്ധതിയ്ക്കായി അനുവദിക്കുകയുണ്ടായി.